പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.77 01.12.2014 ൽ മറുപടിക്ക്

പമ്പ-അച്ചൻകോവിൽ-വൈപ്പാർ നദീ സംയോജന പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.സി.കെ.നാണു<br>ശ്രീ. മാത്യു.റ്റി.തോമസ്<br>ശ്രീ.ജോസ് തെറ്റയിൽ<br>ശ്രീമതി. ജമീല പ്രകാശം | ശ്രീ. ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) പമ്പ-അച്ചൻകോവിൽ-വൈപ്പാർ സംയോജന പദ്ധതിയിലെ സുപ്രീംകോടതി വിധിയിന്മേൽ സംസ്ഥാന സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ) നദീസംയോജന പദ്ധതിയുമായി ബന്ധപ്പെട്ട് ബഹു.സുപ്രീംകോടതി പുറപ്പെടുവിച്ച 27.02.2012 ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിലും, ഇക്കാര്യത്തിൽ കേന്ദ്രസർക്കാരിൽ നിന്നും ലഭിച്ച നിർദ്ദേശങ്ങൾ കൂടി പരിഗണിച്ചും, കോടതി നിർദ്ദേശിച്ച പ്രകാരമുള്ള സ്പെഷ്യൽ കമ്മിറ്റിയിലേക്ക് കേരളത്തിന്റെ പ്രതിനിധിയായി ജലവിഭവ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയെ നാമനിർദ്ദേശം ചെയ്തുകൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്. (12/03/2013 ലെ G.O. (Rt)No:276/2013/WRD പ്രകാരം) സുപ്രീംകോടതി നിർദ്ദേശപ്രകാരമുള്ള പ്രത്യേകസമിതി രൂപീകരിച്ചുകൊണ്ട് കേന്ദ്രസർക്കാരും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കോടതി നിർദ്ദേശപ്രകാരം രൂപീകൃതമായിട്ടുള്ള സമിതിക്ക്, പദ്ധതികൾ സംബന്ധിച്ച് ശുപാർശ നൽകുവാനുള്ള അധികാരം മാത്രമേയുള്ളൂ. ബന്ധപ്പെട്ട സംസ്ഥാനങ്ങളുടെ സമ്മതമില്ലാതെ നദീസംയോജനപദ്ധതികൾ നടപ്പിലാക്കാൻ കഴിയുകയില്ല. കൂടാതെ നദീസംയോജനവുമായി ബന്ധപ്പെട്ട് |

| | |
|---|---|
| | സംസ്ഥാനത്തിന്റെ താല്പര്യങ്ങളും ആശങ്കകളും അഭിപ്രായങ്ങളും കേരളത്തിന്റെ പ്രതിനിധിക്ക് പ്രത്യേക സമിതിയുടെ ശ്രദ്ധയിൽ കൊണ്ടുവരാനും കഴിയുന്നതാണ്. സംസ്ഥാനത്തിന്റെ സമ്മതത്തോടു കൂടിമാത്രമേ നദീസംയോജന പദ്ധതികളുമായി ബന്ധപ്പെട്ട നടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളുവെന്ന വസ്തുതയുടെ അടിസ്ഥാനത്തിൽ സുപ്രീംകോടതി വിധിയുടെ 27.02.2012 ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ, സംസ്ഥാനതലത്തിൽ തുടർനടപടികൾ ഉടൻ ആവശ്യമില്ലായെന്നുള്ള നിയമോപദേശവും ലഭിച്ചിരുന്നു. എന്നിരുന്നാലും പമ്പ-അച്ചൻകോവിൽ വൈപ്പാർ നദീസംയോജനപദ്ധതി കേരളത്തിന് ഗുണകരമല്ലാത്തതിനാൽ പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനെതിരെ സംസ്ഥാനം സാദ്ധ്യമായ വേദികളിലെല്ലാം എതിർപ്പ് പ്രകടിപ്പിച്ചിട്ടുണ്ട്. ഇക്കാര്യത്തിലുള്ള സംസ്ഥാനത്തിന്റെ നിലപാട് ശരിയാണെന്ന് സ്ഥാപിക്കുന്നതിന് ഉപോൽബലകമായ വിദഗ്ധ സമിതികളുടെ പഠന റിപ്പോർട്ടുകളും ലഭ്യമാക്കിയിട്ടുണ്ട്. |
| (ബി) സംയോജനപദ്ധതി കേരളത്തിന് ദോഷമാകുമെന്ന നിലപാട് കേന്ദ്രസർക്കാരിലോ ദേശീയ ജല കമ്മീഷനിലോ മറ്റേതെങ്കിലും സമിതിയിലോ ഉന്നയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ; | (ബി) സംയോജന പദ്ധതി കേരളത്തിന് ദോഷമാകുമെന്ന കേരളത്തിന്റെ നിലപാട്, ഈ പദ്ധതിയുടെ സാധ്യതാപഠന റിപ്പോർട്ട് തയാറാക്കിയ ദേശീയ ജലവികസന ഏജൻസിയുടെ (NWDA) ടെക്നിക്കൽ അഡ്വൈസറി കമ്മിറ്റിയുടേയും ഗവേണിംഗ് ബോഡിയുടേയും യോഗങ്ങളിലും; ജനറൽബോഡി യോഗങ്ങളിലും പങ്കെടുത്തിട്ടുള്ള കേരളത്തിന്റെ പ്രതിനിധികൾ ആവർത്തിച്ച് വ്യക്തമാക്കിയിട്ടുണ്ട്. 21.11.2014 ൽ നദീജലസംയോജനം ചർച്ച ചെയ്യാൻ കേന്ദ്രജലവിഭവ വകുപ്പ് മന്ത്രി വിളിച്ചു ചേർത്ത യോഗത്തിലും പമ്പ അച്ചൻകോവിൽ വൈപ്പാർ ലിങ്ക് കേരളത്തിന് സ്വീകാര്യമല്ലെന്ന് കാര്യകാരണങ്ങൾ നിരത്തി കേരള ജലവിഭവവകുപ്പ് മന്ത്രി |

അറിയിച്ചിട്ടുണ്ട്. പമ്പ-അച്ചൻകോവിൽ-വൈപ്പാർ ലിങ്ക് പദ്ധതി നടപ്പാക്കുന്നത് സംബന്ധിച്ച് കേരളം സാധ്യമായ എല്ലാവേദികളിലും എതിർപ്പ് പ്രകടിപ്പിച്ചിട്ടുള്ള സാഹചര്യത്തിൽ പ്രസ്തുത പദ്ധതി, ദേശീയ ജലവികസന ഏജൻസി സംയോജന പദ്ധതികൾ സംബന്ധിച്ച് തയാറാക്കിയ മുൻഗണനാലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല. കേരളത്തിന്റെ സമ്മതമില്ലാതെ പ്രസ്തുത പദ്ധതി സംബന്ധിച്ച തുടർ നടപടികൾ സ്വീകരിക്കുകയില്ലായെന്നും ദേശീയ ജലവികസന ഏജൻസിയുടെ വിവിധ യോഗങ്ങളിൽ വ്യക്തമാക്കപ്പെട്ടിട്ടുണ്ട്.

(സി) പ്രധാനമന്ത്രിയുമായുള്ള ആദ്യ സന്ദർശനത്തിൽ തന്നെ തമിഴ്നാട് മുഖ്യമന്ത്രി സംയോജന പദ്ധതിയുമായി മുന്നോട്ട് പോകണമെന്ന് ആവശ്യപ്പെട്ടിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇക്കാര്യത്തിലുള്ള ചില പത്രവാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) കേരളമുഖ്യമന്ത്രി പ്രധാനമന്ത്രിയുമായി നടത്തിയ ആദ്യ സന്ദർശനത്തിൽ ഈ പദ്ധതിയെപ്പറ്റി കേരളത്തിന്റെ നിലപാട് അറിയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്താണെന്ന് വിശദീകരിക്കാമോ?

(ഡി) ഇതു സംബന്ധിച്ചുള്ള കേരളത്തിന്റെ നിലപാട് നേരത്തേ തന്നെ അറിയിട്ടിട്ടുണ്ട്.

[signature]

സെക്ഷൻ ഓഫീസർ